മംഗളം

17 February 2017

# മീനുകളെ തിരിച്ചറിയാൻ മൊബൈൽ ആപ്പ് വരുന്നു

## ■ സി.എം.എഫ്.ആർ.ഐയുടെ പ്ലാറ്റിനം ജൂബിലി ആഘോഷം നാളെത്തുടങ്ങും

കൊച്ചി: പ്ലാറ്റിനം ജൂബിലി ആഘോഷത്തോടനുബന്ധിച്ചു കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ ) മീനുകളെ തിരിച്ചറിയാനുള്ള മൊബൈൽ ആപ്പ് പുറത്തിറക്കുന്നു.

പവിഴപ്പുറ്റുകളുമായി ബന്ധപ്പെട്ട 368 അലങ്കാര, ഭക്ഷ്യ മത്സ്യയിനങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്നതാണ് മൊബൈൽ ആപ്പ്. നാളെ ഉച്ചയ്ക്ക് 2.30 ന് നടക്കുന്ന സി.എം.എഫ്.ആർ.ഐയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടന വേളയിൽ ഗവർണർ ജസ്റ്റിസ് പി. സദാശിവം ആപ്പ് ഔദ്യോഗികമായി പുറത്തിറക്കും. അതിന് ശേഷം, ആപ്പ് സി.എം.എഫ്.ആർ.ഐയുടെ വെബ്സൈറ്റിൽ നിന്ന് (www.cmfri.org.in) ഡൗൺലോഡ് ചെയ്യാം.

വിദേശനാണ്യ മൂല്യമുള്ള കലവ വിഭാഗങ്ങളിൽപ്പെട്ട മത്സ്യങ്ങൾ കൂടുതലായി കാണപ്പെടുന്നത് പവിഴപ്പുറ്റുകളുമായി ചേർന്നാണ്. ഇത്തരം മീനുകളുടെ ഇനംതിരിച്ചുള്ള വിപണനം രാജ്യാന്തര വാണിജ്യ മേഖലയിൽ വളരെ പ്രാധാന്യമുള്ളതാണ്. കാഴ്ചയിൽ ഒരുപോലിരിക്കുന്ന ഇത്തരം മീനുകളെ തിരിച്ചറിയേണ്ടത് കയറ്റുമതി വ്യാപാരത്തിന് അനിവാര്യമാണ്. ഇന്റർനെറ്റ് കണക്ഷൻ ഇല്ലാതെതന്നെ ഉപയോഗിക്കാവുന്ന രീതിയിലാണ് ആപ്പ് രൂപപ്പെടുത്തിയിട്ടുള്ളത്. സി.എം.എഫ്.ആർ.ഐയിലെ അടിത്തട്ട് മത്സ്യവിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ: രേഖ ജെ. നായർ ആണ് മൊബൈൽ ആപ്പ് വികസിപ്പിച്ചത്. പ്ലാറ്റിനം ജൂബിലി ഉദ്ഘാടനച്ചടങ്ങിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ: ജെ.കെ. ജെന അധ്യക്ഷത വഹിക്കും. എം.പി.ഇ.ഡി.എ. ചെയർമാൻ എ. ജയതിലക് പങ്കെടുക്കും.

സമുദ്രകൃഷിയിലൂടെ മത്സ്യോൽപാദനം വർധിപ്പിക്കുന്നതിന് ഊന്നൽ നൽകിയാണ് സി.എം.എഫ്.ആർ.ഐ. ആഘോഷ പരിപാടികൾ വിഭാവനം ചെയ്തിട്ടുള്ളത്.